തലത്തിലെ അദ്ധ്യാപകർക്കും ഹൈസ്കൂൾ തലത്തിലെ കായികാദ്ധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലം കഴിയുമ്പോൾ തന്നെ ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് മൂന്ന് കായിക ഇനങ്ങളിലെങ്കിലും തികഞ്ഞ അവബോധം ലഭിക്കുന്ന തരത്തിലാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് സിലബസ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നുമുതൽ നാലുവരെ ക്ലാസുകളിലെ പ്രൈമറി അദ്ധ്യാപകർക്കുവേണ്ടി അദ്ധ്യാപക സഹായി ദൃശ്യവത്കരിച്ച് പത്ത് വീഡിയോ സി.ഡി.കളടങ്ങുന്ന സെറ്റ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹായത്തോടെ നിർമ്മിച്ച് സംസ്ഥാനത്തെ 7000 പ്രൈമറി സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് മാനദണ്ഡം

40 (T 3786) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായ അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിവർഷം ഓരോ വിഭാഗത്തിലും എത്ര വീതം സ്കോളർഷിപ്പുകൾ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10 വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണവും അനുവദിച്ച സ്കോളർഷിപ്പിന്റെ വിവരങ്ങളും വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര സർക്കാർ അപേക്ഷകൾ ക്ഷണിക്കുമ്പോൾതന്നെ സംസ്ഥാനത്ത് നിന്നുള്ള അപേക്ഷകൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആയത് പരിശോധിച്ച് കേന്ദ്ര സർക്കാരിലേക്ക് അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) സ്കോളർഷിപ്പിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനും അർഹമായ കുട്ടികളിൽ നിന്നും യഥാസമയം അപേക്ഷകൾ ലഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) (i) (എ) സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്(റെക്കഗ്നൈസ്ഡ്)/സി.ബി.സി.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ക്രിസ്ത്യൻ/മുസ്ലീം എന്നീ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. (ബി) അപേക്ഷകന്റെ രക്ഷകർത്താവിന്റെ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല. (സി) അപേക്ഷകന് മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭിച്ചിരിക്കണം. (ഒന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വരുമാനം മാത്രം മാനദണ്ഡമാക്കിയാൽ മതി.)

(ii) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് മുസ്ലീം/ക്രിസ്ത്യൻ/സിക്ക്/ബുദ്ധ/പാർസി എന്നീ ന്യൂനപക്ഷ സമുദായങ്ങളിൽ ഉൾപ്പെട്ട കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തവരും, അവസാന വാർഷിക പരീക്ഷയിൽ 50% മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. സർക്കാർ അർദ്ധ സർക്കാർ/അംഗീകൃത സ്ഥാപനങ്ങളിൽ പ്ലസ്-വൺതലം മുതൽ പി.എച്ച്.ഡി. വരെ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും, എൻ.സി.വി.ടി അംഗീകാരമുള്ള ഐ.ടി.ഐ./ഐ.ടി.സി. സ്ഥാപനങ്ങളിൽ വൊക്കേഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ പ്ലസ്-വൺ തലത്തിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. മേൽ പറഞ്ഞ കോഴ്സുകളിലെ ഒന്നാം വർഷ വിദ്യാർത്ഥികളായിരിക്കണം അപേക്ഷകർ..

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന് 2.50 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള മുസ്ലീം/ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈ വിദ്യാർത്ഥികൾ പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പഠിക്കുന്നവർ ആയിരിക്കണം. യോഗ്യത പരീക്ഷയ്ക്ക് 50% മാർക്ക് ലഭിച്ചിരിക്കണം.

(ബി) (i) 2008-09 വർഷത്തിലാണ് ക്രിസ്ത്യൻ/മുസ്ലീം വിഭാഗത്തിലെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ആരംഭിച്ചത്; നൽകിയ സ്കോളർഷിപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	ക്രിസ്ത്യൻ	മുസ്ലീം	ആകെ
2008-09	20160	26187	46347
2009-10	70290	91300	161590

(ii) 2009-10 വർഷത്തിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി 48,022 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

(iii) മെരിറ്റ് കം മീൻസ് പ്രതിവർഷം ആകെ 1469 സ്കോളർഷിപ്പുകൾ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. ഇതിൽ 830 എണ്ണം മുസ്ലീം വിദ്യാർത്ഥികൾക്കും 639 എണ്ണം ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കുമായി നീക്കിവച്ചിരിക്കുന്നു.

(സി) (i) 2009-10-ൽ പ്രീ മെട്രിക് സ്കോളർഷിപ്പിന് 2,22,123 അപേക്ഷകൾ ലഭിച്ചു. അതിൽ 2,18,717 അപേക്ഷകർ അർഹതനേടി. അതിൽ നിന്നും 1,61,590 സ്കോളർഷിപ്പുകൾ കേന്ദ്ര സർക്കാർ അനുവദിച്ചതിൻ പ്രകാരം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(ii) 2009-10 പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി 50216 അപേക്ഷകൾ ലഭിച്ചിരുന്നു. അർഹത ഇല്ലാത്തതും ന്യൂനതകളുള്ളതുമായ 2194 അപേക്ഷകൾ നിരസിക്കുകയും 48022 പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്തു.

(iii) മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന് 2009-10 വർഷത്തിൽ 1233 അപേക്ഷകൾ ലഭിക്കുകയും സ്കോളർഷിപ്പുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലെ എല്ലാ പ്രമുഖ ദിനപത്രങ്ങൾ വഴിയും ടിവി. ചാനലുകൾ വഴിയും പൊതുജനങ്ങൾക്ക് സ്കോളർഷിപ്പുകളെ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും മറ്റു വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്കും ഒരേ സമയം വീഡിയോകോൺഫറൻസിംഗ് നടത്തി വേണ്ട എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ ആകാശവാണിയിലൂടെയും അറിയിപ്പുകളും വിജ്ഞാപനങ്ങളും പ്രസിദ്ധീകരിക്കുന്നു. ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഹയർ സെക്കന്ററി ഡയറക്ടറേറ്റുകൾ വഴി അറിയിപ്പ് നൽകുന്നു. അപേക്ഷകളിൽ കണ്ടെത്തുന്ന ന്യൂനതകൾ എസ്.എം.എസ്. മുഖേന അപേക്ഷാർത്ഥികളെ അറിയിക്കുന്നു.

ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

41 (T 3787) ശ്രീ. സി. എഫ്. തോമസ് :
പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നും ഉള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഏതൊക്കെ സ്കോളർഷിപ്പുകളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓരോ സ്കോളർഷിപ്പും എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രഗവൺമെന്റിൽ നിന്നും എത്ര തുക ഈ ഇനത്തിൽ ലഭ്യമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ലഭ്യമായ തുക മുഴുവൻ ചെലവഴിച്ചോ ;

(ഇ) അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ സാധിച്ചോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly